**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098** **12-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന പോലീസ് സർവ്വീസിലെ വിവിധ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാന പോലീസ് സർവ്വീസിലെ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും എത്ര നിയമനം പി.എസ്.സി. മുഖേന നടത്തിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (20-05-2021 മുതൽ 27-04-2024 വരെ) സംസ്ഥാന പോലീസ് സേനയിലെ വിവിധ തസ്തികകളിലായി എൻ.ജെ.ഡി ഉൾപ്പടെ ആകെ 6261 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ടി ഒഴിവുകളിൽ പരിശീലനം ഉൾപ്പടെ നടപടികൾ പൂർത്തിയായ 5010 പേർ നിയമിതരായിട്ടുമുണ്ട്. |
| (ബി) | സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികളും അറിയിക്കുമോ; | (ബി) | ഫെബ്രുവരി മാസം പ്രമോഷൻ നൽകിയതു വഴി ഉണ്ടായ 19 സബ് ഇൻസ്പെക്ടർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിയിലാണ്. |
| (സി) | സബ് ഇൻസ്പെക്ടർ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നാളിതുവരെ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും 191 പേർ നിയമനം ലഭിച്ച് പരിശീനത്തിൽ പ്രവേശിച്ചിട്ടുണ്ട്.133 പേർക്ക് പുതിയതായി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ